# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 134** — **08-06-2015- ൽ മറുപടിക്ക്**

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ഡോ. ടി.എം.തോമസ് ഐസക് | : | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയ്ക്കുള്ള ടെണ്ടറിൽ പങ്കെടുത്ത് ആർ.എഫ്.പി. വാങ്ങിയ കമ്പനികൾ ഏതൊക്കെ യായിരുന്നു ; യോഗ്യത നേടിയിട്ടും ആർ.എഫ്.പി. വാങ്ങാത്ത കമ്പനികൾ ഏതെല്ലാം ; | | (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയ്ക്കുള്ള ടെണ്ടറിൽ പങ്കെടുത്ത് ആർ.എഫ്.പി വാങ്ങിയ മൂന്ന് കമ്പനികൾ ചുവടെ പറയുന്നവയാണ്.<br>• Adani Ports & Special Economic Zone Ltd<br>• SREI – OHL Consortium<br>• Essar Ports Ltd<br>Consortium of Concast Infratech Ltd & Hyundai Engineering & Construction Co.Ltd., Gammon Infrastructure Projects Limited എന്നീ രണ്ടു കമ്പനി കൾ യോഗ്യത നേടിയിട്ടും ആർ.എഫ്.പി വാങ്ങിയി ട്ടില്ല. |
| (ബി) കേന്ദ്രസർക്കാരിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിന് അനുമതി ലഭിച്ചത് ഏത് തീയതി യിലായിരുന്നു; | | (ബി) വിഴിഞ്ഞം പദ്ധതിയ്ക്കുവേണ്ടി 2015 ഫെബ്രുവരി 3-ാം തീയതി കേന്ദ്രസർക്കാരിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിന് അനുമതി ലഭിച്ചു. |
| (സി) പ്രസ്തുത അനുമതി ലഭിച്ചതിനു ശേഷം ഏതെല്ലാം കമ്പനികളു മായി മുഖ്യമന്ത്രിയും തുറമുഖ വകുപ്പ് മന്ത്രിയും മുൻ ചീഫ് സെക്രട്ടറിയും ഉൾപ്പടെയുള്ളവർ പദ്ധതി കാര്യം നേരിട്ട് സംസാരി ക്കുകയുണ്ടായി. പ്രസ്തുത ചർച്ചയിലെ ധാരണകൾ വിശദമാ ക്കാമോ ; | | (സി) ആർ.എഫ്.പി വാങ്ങിയ കമ്പനി പ്രതിനിധികളുമായി ടെണ്ടർ പ്രക്രിയയുടെ ഭാഗമായി നടന്ന പ്രീ ബിഡ് ചർച്ചകളിൽ ഒന്നും തന്നെ മുഖ്യമന്ത്രിയോ തുറമുഖ വകുപ്പ് മന്ത്രിയോ മുൻ ചീഫ് സെക്രട്ടറിയോ പങ്കെ ടുത്തിട്ടില്ല. ടെണ്ടറിൽ പങ്കെടുത്ത M/s Adani Ports & Special Economic Zone Limited ന്റെ ചെയർമാ നുമായി, അദാനി ഗ്രൂപ്പിന്റെ പോർട്ട് ഡയറക്ടർ ഉൾപ്പെടെയുള്ള കമ്പനി ഉദ്യോഗസ്ഥരുടെയും തുറ മുഖ വകുപ്പു മന്ത്രി, പ്ലാനിംഗ് ബാർഡ് വൈസ് |

ചെയർമാൻ, ഇപ്പോഴത്തെ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (തുറമുഖം), ഡൽഹി റസിഡന്റ് കമ്മിഷണർ, തുറമുഖ കമ്പനി മാനേജിംഗ് ഡയറക്ടർ, തുറമുഖ കമ്പനി പ്രോജക്ട് മാനേജർ എന്നിവരുടെ സാന്നിധ്യത്തിൽ മുഖ്യമന്ത്രി സംസാരിച്ചിരുന്നു. 2015 മാർച്ച് 3 ന് ഡൽഹിയിൽ വച്ച് നടന്ന കൂടിക്കാഴ്ചയിൽ ടെണ്ടർ വ്യവസ്ഥകളെ സംബന്ധിച്ച് യാതൊരു ചർച്ചയും നടന്നിട്ടില്ല. ആരും ടെണ്ടറിൽ പങ്കെടുക്കാത്ത സാഹചര്യത്തിൽ ടെണ്ടർ സമർപ്പിക്കുന്ന തീയതിയ്ക്കു മുമ്പ് നടന്ന ഈ ചർച്ചയിൽ ടെണ്ടറിൽ പങ്കെടുക്കാൻ കമ്പനിയിൽ താല്പര്യം ജനിപ്പിക്കുക മാത്രമായിരുന്നു ഉദ്ദേശം. മറ്റു കമ്പനികളുടെ പ്രതിനിധികളുമായി മുഖ്യമന്ത്രി ഫോണിൽ സംസാരിച്ചിട്ടുണ്ട്.

(ഡി) ഏറ്റവും ഒടുവിൽ ടെണ്ടർ സമർപ്പിക്കുന്നതിനുള്ള കാലാവധി ഏത് തീയതിയിലായിരുന്നു ; ഏതെല്ലാം കമ്പനികൾ ഫിനാൻഷ്യൽ ക്വാട്ടിൽ പങ്കെടുത്തു.

(ഡി) ഏറ്റവും ഒടുവിൽ ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2015 ഏപ്രിൽ മാസം 24 ആയിരുന്നു. ഇതനുസരിച്ച് M/s Adani Ports & Special Economic Zone Limited മാത്രമാണ് ഫിനാൻഷ്യൽ ക്വാട്ടിൽ പങ്കെടുത്തത്.

(ഇ) ടെണ്ടറിൽ മത്സരം ഉണ്ടാകുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ വി.ജി.എഫ് നൽകും എന്ന് തീരുമാനിച്ചതിനു ശേഷം നടത്തിയ ശ്രമങ്ങൾ എന്തെല്ലാമായിരുന്നു?

(ഇ) കേന്ദ്രസർക്കാർ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെയും മോഡൽ കൺസഷൻ എഗ്രിമെന്റിന്റെയും അടിസ്ഥാനത്തിലാണ് ഇപ്പോഴത്തെ ആഗോള ടെണ്ടർ 2013 ഡിസംബർ മാസം 4-ാം തീയതി വിളിച്ചിട്ടുള്ളത്. 2015 ഫെബ്രുവരി 3-ാം തീയതിയാണ് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗിനുള്ള അനുമതി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചത്. ഇതിനുശേഷം ടെണ്ടറിന്റെ ഒരു പ്രീ ബിഡ് മീറ്റിംഗ് 2015 മാർച്ച് 9-ാം തീയതി മുംബൈയിൽ വച്ച് നടന്നു.

സെക്ഷൻ ഓഫീസർ